**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3223 — 25.6.2012 ൽ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. കെ. ടി. ജലീൽ | ശ്രീ. ഉമ്മൻ ചാണ്ടി (ബഹു. മുഖ്യമന്ത്രി) |

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അപകടമരണം സംഭവിച്ച വ്യക്തികളുടെ കുടുംബങ്ങൾക്ക് എല്ലാം നൽകുന്ന ആനുകൂല്യം ഒരേ തുകയാണോ ;

(ബി) അല്ലെങ്കിൽ എല്ലാവർക്കും ഒരേ തുക വീതം നൽകുന്നതിനുള്ള നടപടി ഉദ്ദേശിക്കുന്നുണ്ടോ ?

(എ) & (ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അപകടമരണത്തിനിരയാകുന്നവരുടെ ആശ്രിതർക്കു അപകടത്തിന്റെ സ്വഭാവം അനുസരിച്ച് 30,000/- രൂപ മുതൽ 1,00,000/- രൂപ വരെ നൽകാറുണ്ട്.

അപകടമരണത്തിന് ഇരയാകുന്നവരുടെ ആശ്രിതർക്കു 30,000/- രൂപ മുതൽ 1,00,000/- രൂപ വരെയും ഇടിമിന്നൽ മൂലം മരണപ്പെടുന്നവരുടെ ആശ്രിതർക്കു 1,00,000/- രൂപ വീതവും കടൽ ക്ഷോഭം മൂലമുണ്ടാകുന്ന ദുരന്തത്തിൽ മരിക്കുന്ന മുതിർന്നവരുടെ ആശ്രിതർക്കു 1,00,000/- രൂപയും, കുട്ടികളാണെങ്കിൽ 50,000/- രൂപയും അനുവദിക്കുന്നു. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി 2,00,000/- രൂപ വീതവും അനുവദിക്കുന്നു. സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുമ്പോഴോ അതു പോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്നവരുടെ ആശ്രിതർക്കു പ്രാഥമിക സഹായമായി 1,00,000/- രൂപ വീതവും അനുവദിക്കുന്നു. അപകടത്തിന്റെ ഗൗരവം അനുസരിച്ച് മേൽ പറഞ്ഞതിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

Vejay

സെക്ഷൻ ഓഫീസർ.